II ഇ.ബി. XIII കേരള നിയമസഭ/V-26

**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

**<u>2012 ജൂലൈ 24, ചൊവ്വ</u>**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**90 (*781) <u>പലിശരഹിത ഹ്രസ്വകാല വായ്പ</u>**

സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, ഹ്രസ്വകാല കാർഷിക വായ്പകൾക്ക് പലിശ ഒഴിവാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 5% പലിശ ഇളവ് നൽകുന്ന ഉത്തേജന പലിശ സബ്സിഡി പദ്ധതി നടപ്പാക്കു ന്നതിന് ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. നബാർഡിന്റെ ഫണ്ട് ഉപയോഗിച്ച് സഹകരണ ബാങ്കുകൾവഴി വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകളുടെ തിരിച്ചടവിൽ കുടിശ്ശിക വരുത്താത്തവർക്ക് കേന്ദ്ര സർക്കാർ നൽകുന്ന പലിശ സബ്സിഡിയോടൊപ്പം സംസ്ഥാന സർക്കാർ വിഹിതം കൂടി നൽകിക്കൊണ്ട് പലിശ രഹിത വായ്പ പദ്ധതി 2012-13 വർഷത്തിൽ

നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രതിവർഷം ഏകദേശം 50000 കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. 2008-09 മുതൽ നെൽകൃഷിക്ക് നൽകിവരുന്ന പലിശരഹിത വായ്പയുടെ പലിശ സഹകരണ സംഘങ്ങൾക്ക് റീ-ഇംപേഴ്സ് ചെയ്ത് നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. കാർഷിക വായ്പകൾ നൽകാത്ത ബാങ്കുകളെ കാർഷികേതര ബാങ്കുകളാക്കി മാറ്റുന്നതാണ്. സഹകരണമേഖലയിൽ ആധുനിക ബാങ്കിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റിൽ തടയപ്പെട്ടതും ദീർഘകാലമായി ഈടാക്കാതെയും കൊടുത്ത് തീർക്കാതെയും നിൽക്കുന്ന തുകകൾ ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള തീവ്രയത്ന പരിപാടിയായ 'ഉണർവ്വ് 2012' നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കുടിശ്ശിക നിവാരണത്തിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയായ 'ആശ്വാസ് 2012' നടപ്പാക്കുന്നുണ്ട്. സഹകാരികളെ സംഘത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിന് 'എന്റെ സംഘം' പദ്ധതി നടപ്പാക്കുന്നുണ്ട്. അന്താരാഷ്ട്ര സഹകരണ എക്സിബിഷൻ സംഘടിപ്പിക്കുന്നതാണ്. സഹകരണമേഖലയുടെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തുന്നതിനും നയരൂപീകരണത്തിനുമായി ഏഴാം സഹകരണ കോൺഗ്രസ്സ് നവംബർ മാസത്തിൽ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**91 (*782) എൻഫോഴ്സ്മെന്റ് സ്ക്വാഡ്**

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) നൽകിയ മറുപടിയിൽ, മോട്ടോർ വാഹന വകുപ്പിൽ നിലവിലുള്ളതിനു പുറമെ 17 സ്ക്വാഡുകൾകൂടി അനുവദിച്ചുകൊണ്ട് 2011 ഡിസംബറിൽ ഒരു എൻഫോഴ്സ്മെന്റ് വിംഗിന് രൂപം നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പുതിയ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ വയനാടും കാസർഗോഡും ഒഴികെയുള്ള 12 ജില്ലകളിലും 5 കോർപ്പറേഷനുകളിലുമായി പ്രവർത്തിക്കുന്നതാണ്. പോലീസ് വകുപ്പുമായി ചേർന്നും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിലൂടെ റവന്യൂ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും. മോട്ടോർ വാഹന വകുപ്പിൽ പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അധിക തസ്തികകൾ അനുവദിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്. റോഡപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി ചേർത്തല മുതൽ മണ്ണുത്തി വരെ സർവ്വൈലൻസ് ക്യാമറകൾ സ്ഥാപിക്കുകയും എറണാകുളം, തിരുവനന്തപുരം ജില്ലകളിലായി കൺട്രോൾ റൂമുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ സംവിധാനം വിപുലപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. ട്രാഫിക് നിയമങ്ങൾ പാലിക്കാത്തവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും പാഠ്യപദ്ധതിയിൽ ഇത് ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് ആലോചിക്കാവുന്നതാണെന്നും കാറുകളിൽ സൺഫിലിം ഉപയോഗിക്കുന്നതിനെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

92 (*783) <u>കായംകുളം താപനിലയത്തിന്റെ വിപുലീകരണം</u>

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പെട്രോനെറ്റ് എൽ.എൻ.ജി. ലിമിറ്റഡിന്റെ കൊച്ചി വാതക ടെർമിനലിൽനിന്നുള്ള ദ്രവീകൃത പ്രകൃതി വാതകം ഇന്ധനമായി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള 1950 മെഗാവാട്ടിന്റെ കായംകുളം രാജീവ് ഗാന്ധി കമ്പൈൻഡ് സൈക്കിൾ പവർ പ്ലാന്റിന്റെ ഒന്നാംഘട്ടമായി 1050 മെഗാവാട്ട് ശേഷിയുള്ള ഒരു വാതകാധിഷ്ഠിത താപനിലയം സ്ഥാപിക്കാൻ എൻ.റ്റി.പി.സി. തീരുമാനിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പുതുവൈപ്പിൻ മുതൽ കായംകുളം വരെയുള്ള വാതക പൈപ്പ്ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഗെയിൽ നടത്തിവരികയാണ്. പവർ ഗ്രിഡ് കോർപ്പറേഷൻ പള്ളിക്കര വരെ 400 കെ.വി. ലൈൻ വലിച്ച് കളമശ്ശേരിയിൽ കണക്ട് ചെയ്യുന്നതിനുള്ള നടപടികൾ നടത്തിവരുന്നു. ഈ പദ്ധതിയിൽ നിന്നും 500 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിനുള്ള കരാർ നൽകിയിട്ടുണ്ട്. വാതക പൈപ്പ് ലൈനിടുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ അഭിപ്രായ സമന്വയമുണ്ടാക്കുന്നതിന് സർവ്വകക്ഷി യോഗം വിളിക്കുന്നതും പരിസ്ഥിതി പ്രവർത്തകരുമായും മത്സ്യത്തൊഴിലാളി സംഘടനകളുമായും ചർച്ച ചെയ്യുന്നതുമാണെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി. പ്രകൃതി വാതക പൈപ്പ്ലൈനിടുന്നതുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ചകൾ നടത്തുന്നുണ്ടെന്നും ഈ പദ്ധതിയുടെ നേട്ടങ്ങൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തിവരികയാണെന്നും ഒന്നാംഘട്ട പൈപ്പ് ലൈനിടുന്നത് ഏകദേശം പൂർത്തീകരിക്കാൻ

സാധിച്ചിട്ടുണ്ടെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി അറിയിച്ചു.

**93 (*784) <u>ചന്ദനമരങ്ങളുടെ സംരക്ഷണം</u>**

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ) നൽകിയ മറുപടിയിൽ, ചന്ദനമോഷണക്കേസ് അന്വേഷണം ഊർജ്ജിതമാക്കുന്നതിനും ചന്ദനക്കടത്ത് തടയുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. മറയൂരിൽ ഇതിനായി ചന്ദന ഡോഗ് സ്ക്വാഡിന്റെ സേവനം ലഭ്യമാക്കിയതോടൊപ്പം ചന്ദന മോഷണം നിരീക്ഷിക്കുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റൻസ് (പി.ഡി.എ.) അനുവദിച്ചിട്ടുണ്ട്. ചന്ദനമരങ്ങളിൽ ഇലക്ട്രോണിക് ചിപ്പുകൾ ഘടിപ്പിച്ച് എസ്.എം.എസ്. മുഖാന്തിരം ഉദ്യോഗസ്ഥർക്ക് മരംമുറിക്കുന്ന വിവരം ലഭ്യമാക്കുന്നതിനുള്ള സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുന്നതാണ്. സ്വകാര്യ ഭൂമിയിലെ 50 സെന്റിമീറ്ററിൽ കൂടുതൽ കനമുള്ള ചന്ദനം ഡി.എഫ്.ഒ.യുടെ അനുവാദത്തോടുകൂടി മുറിച്ച് വിലയുടെ 50 ശതമാനം 45 ദിവസത്തിനകവും ബാക്കി തുക വില്പന സമയത്തും നൽകിക്കൊണ്ട് വനംവകുപ്പ് ഏറ്റെടുക്കുന്നതിനുള്ള നിയമം കൊണ്ടുവന്നിട്ടുണ്ട്. വനം വകുപ്പിന്റെ കീഴിൽ മറയൂരിൽ പ്രവർത്തിക്കുന്ന ചന്ദന ഫാക്ടറിയിൽ നിന്നും ചന്ദനത്തൈലത്തിന്റെ വിപണനം ആരംഭിച്ചിട്ടുണ്ടെന്നും കുറഞ്ഞ വിലയ്ക്ക് ചന്ദനം ലഭ്യമാക്കുന്നത് സംബന്ധിച്ച് ആലോചിക്കാവുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. ഈ സർക്കാർ അധികാരമേറ്റശേഷം 115 ചന്ദനമോഷണ കേസ്സുകൾ രജിസ്റ്റർ

ചെയ്യുകയും 79 പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി 785 മുതൽ 810 വരെയുള്ള ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 7914 മുതൽ 8154 വരെയുള്ള ചോദ്യങ്ങളിൽ 150 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)